GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ അടൂർ ബ്ലോക്ക് പരിധിയിലെ അടൂർ, കൊടുമൺ, കലയൂർ, ഏനാദിമംഗലം, ഏലംകുളം, ഏറത്ത് , പള്ളിക്കൽ, കടമ്പനാട് എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് അടൂർ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470411 എന്ന നമ്പ രിൽ ബന്ധപ്പെടുക.

2. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രകൃതി കൃഷിയും മണ്ണ് സംരക്ഷണവും എന്ന വിഷയത്തിൽ

ഇന്നു (18.06.2026) ഏക ദിന സെമിനാർ സംഘടിപ്പിക്കുന്നു. വിദഗ്ധർ നയിക്കുന്ന പരിശീലന ക്ലാസുകൾ, കർഷകശാസ്ത്രജ്ഞ സംവാദം, എക്സിബിഷൻ എന്നിവയും ഉണ്ടായിരിക്കും. താത്പര്യമുള്ള കർഷകർ 8547544765 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കായിരിക്കും അവസരം.

3. കേരളത്തിലെ കന്നുകാലികളെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു വൈറസ് രോഗമാണ് കുളമ്പുരോഗം. ചികിത്സിച്ച് ഭേദമാക്കാനാകാത്ത ഈ രോഗത്തെ ചെറുക്കുന്നതിനുള്ള ഏക മാർഗ്ഗം കാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പാണ്. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞത്തിന്റെ എട്ടാം ഘട്ടം ജൂൺ 19 മുതൽ പതിനെട്ട് പ്രവർത്തി ദിവസങ്ങളിലായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുകയാണ്. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി തങ്ങളുടെ ഉരുക്കളെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (19.06.2026) വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് 2 മണിയ്ക്ക് കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ വെച്ച് ആരോഗ്യം, ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരന്റെ അദ്ധ്യക്ഷതയിൽ തൊഴിൽ,

മൃഗസംരക്ഷണ ക്ഷീരവികസന വനിതാ ശിശു ക്ഷേമ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിക്കുന്നു. പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം എംപി ശശി തരൂർ, മേയർ വി വി രാജേഷ്, എന്നിവർ പങ്കെടുക്കും. ഈ പരിപാടിയോട് അനുബന്ധിച്ച് വൈകിട്ട് 3 മണിക്ക് ക്ഷീരകർഷകർക്കായി കുളമ്പുരോഗ നിയന്ത്രണത്തെക്കുറിച്ചുള്ള ഒരു ബോധവത്ക്കരണ സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

4. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഓണക്കാല പൂകൃഷിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്ക് പരിധിയിലെ മണമ്പൂർ, ഒറ്റൂർ, ചെറുന്നിയൂർ, ചെമ്മരുതി, ഇടവ, വെട്ടൂർ, ഇളകമൺ, വർക്കല മുനിസിപ്പാലിറ്റി എന്നീ കൃഷിഭവനകളിൽ ഓണക്കാല പൂകൃഷിക്കായി ജമന്തിപ്പൂ തൈകൾ **സൗജന്യമായി** നൽകുന്നു. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് വർക്കല ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 8891019771 ,9446661689 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. വയനാട് മുള്ളൻകൊല്ലി കൃഷി ഭവനിൽ കേന്ദ്ര സർക്കാർ പദ്ധതിയായ National Mission on Natural Farming ( NMNF) പദ്ധതിയിലേക്ക് ജൈവകൃഷി, പ്രകൃതി കൃഷി ചെയ്യാൻ താല്പര്യമുള്ള

കർഷകകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കൃഷിയിടം ഭാഗികമായി ജൈവകൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ള കർഷകർ അതാത് കൃഷിഭവനിനിലോ 9383471949 എന്ന നമ്പറിലോ ബന്ധപ്പെടുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയിലേയ്ക്ക് തിരുവനന്തപുരം/കൊല്ലം ജില്ലയിലെ ഇറച്ചി കോഴിവളർത്തൽ കർഷകരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം മുപ്പതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000922, 0471-2468585 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. മഴക്കാലത്ത് റബ്ബർമരങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും കർഷകരുടെ സംശയനിവാരണത്തിനുമായി റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ-ഇൻ പരിപാടി സംഘടിപ്പിക്കുന്നു. ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ചന്ദ്രലേഖ കെ. കർഷകരുടെ ചോദ്യങ്ങൾക്ക് ഫോണിലൂടെ മറുപടി നൽകും.

താത്പര്യമുള്ളവർ 0481 2576622 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.